Malappuram District Police

## 25.06.2017 വളാഞ്ചേരി

വളാഞ്ചേരി വസ്ത്രവ്യാപാര കേന്ദ്രത്തിൽ മോഷണം നടത്തിയ കേസിൽ രണ്ടു പേർ പിടിയിൽ. ചാസിയ സിൽക്സിൽ കഴിഞ്ഞ തിങ്കളാഴ്ച പുലർച്ചെയാണ് മോഷണം നടന്നത്. ഇതുമായി ബന്ധപ്പെട്ടു കടയിലെ ജനറൽ മാനാജർ ഉൾപ്പെടെ രണ്ടു പേരെയാണ് അറസ്റ്റ് ചെയ്തത്. പൈങ്കണ്ണൂർ ഹിൽടോപ്പ് നിലാപറമ്പത്ത് മുഹമ്മദ്കുട്ടി എന്ന ബാപ്പു (41), കാട്ടിപ്പരുത്തി കറ്റംകെട്ടി കുളത്തിനു സമീപം വാടക കാർട്ടേഴ്സിൽ താമസിക്കുന്ന അങ്ങാടിപ്പറമ്പത്ത് ഉമൈർ എന്ന കുഞ്ഞിപ്പ (48) എന്നിവരാണ് അറസ്റ്റിലായത്. മുഹമ്മദ്കുട്ടിക്കു പത്ത് ലക്ഷം രൂപയോളം കടമുണ്ടായിരുന്നു. ഈ പണം മടക്കിനൽകുന്നതിനായി ജോലി ചെയ്യുന്ന സ്ഥാപനത്തിൽനിന്നു പണം കവർച്ച ചെയ്യാൻ പദ്ധതിയിടുകയായിരുന്നു. ഇതിനായി മുഖ്യപ്രതിയായ വിദേശത്തുള്ള സുഹൃത്തിനെ വിളിച്ചുവരുത്തി. പെരുന്നാൾ കച്ചവടം നടന്ന രണ്ടു ദിവസത്തെ കളക്ഷൻ കടയിൽ സൂക്ഷിച്ച വിവരം ധരിപ്പിക്കുകയും ഞായറാഴ്ച രാത്രി കട അടച്ചതിനു ശേഷം മുൻധാരണ പ്രകാരം മുഖ്യപ്രതി സമീപമുള്ള മറ്റൊരു കെട്ടിടത്തിലൂടെ തുണിക്കടയുടെ രണ്ടാംനിലയിലെത്തി ടോയ്ലറ്റിന്റെ വാതിൽ തകർത്ത് അകത്തുകടന്നു 24 ലക്ഷം രൂപ അപഹരിക്കുകയായിരുന്നു. തുടർന്നു രണ്ടാം പ്രതിയുടെ വീട്ടിലെത്തി അറിയിച്ച ശേഷം തുക മൂന്നാം പ്രതി ഉമൈറിന്റെ വാടക കാർട്ടേഴ്സിൽ ഏൽപിച്ചു. തുടർന്നു മുഖ്യപ്രതി ചെന്നൈ വഴി വിദേശത്തേക്കു കടന്നു. നഷ്ടപ്പെട്ട തുകയിൽനിന്ന് പതിനേഴ് ലക്ഷം രൂപയോളം കണ്ടെടുത്തു. വളാഞ്ചേരി സി.ഐ എം.കെ. ഷാജി, എസ്.ഐ ബഷീർ. സി. ചിറക്കൽ, എ.എസ്.ഐ-മാരായ സി.പി. ഇഖ്ബാൽ, പ്രമോദ്, മുരളി, സിപിഒ-മാരായ ജയപ്രകാശ്, എം.എം. അബ്ദുല് അസീസ്, രാജേഷ്, സുനിൽ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.